"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - കൊല്ലം പുനലൂർ താലൂക്കിൽ ഇടമുളയ്ക്കൽ വില്ലേജിലെ ബ്ലോക്ക് നം.28, റിസർവ്വെ നം. 242/1-ൽപ്പെട്ട 1.20 ഹെക്ടർ സർക്കാർ തരിശ്ശിൽ നിന്നും 1 ഏക്കർ ഭൂമി സ്വാതന്ത്ര്യ സമര സേനാനിയായിരുന്ന പരേതനായ ഡി.ശ്രീധരന്റെയും, പരേതയായ നളിനിക്കുട്ടിയുടെയും അന്തരാവകാശികളുടെ പേരിൽ പതിച്ച് നൽകുന്നതിന് അനുമതി നൽകി ബഹു.ഹൈക്കോടതിയുടെ WP(C) 5108/2021 നമ്പർ കേസിന്റെ 25.07.2023-ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എം) വകുപ്പ്**

സ.ഉ.(കൈ) നം.247/2024/RD തീയതി,തിരുവനന്തപുരം, 01-12-2024

---

പരാമർശം:-

1. 18.11.1975-ലെ സ.ഉ (സാധാ) നം. 1437/1975/റവ നമ്പർ ഉത്തരവ്.
2. 03.07.2020-ലെ സ.ഉ (കൈ) നം.182/2020/റവ നമ്പർ ഉത്തരവ്.
3. ശ്രീ.ബൈജുകുമാർ.എസ്, S/o Late ശ്രീധരൻ, ഉഷസ്, ഇരവിപുരം സമർപ്പിച്ച 31.05.2023, 16.08.2023 തീയതികളിലെ അപേക്ഷ.
4. ബഹു.ഹൈക്കോടതിയുടെ WP(C) 5108/2021 നമ്പർ കേസിലെ 23.05.2023, 25.07.2023 തീയതികളിലെ വിധിന്യായം.
5. കൊല്ലം ജില്ലാ കളക്ടറുടെ 19.08.2023, 27.11.2023, 14.05.2024 തീയതികളിലെ L5-27961/10 നമ്പർ കത്ത്.
6. ലാൻഡ് റവന്യൂ കമ്മീഷണറുടെ 22.08.2023, 17.05.2024 തീയതികളിലെ LR/8084/2023-LR(J9) നമ്പർ കത്ത്.

**ഉത്തരവ്**

സ്വാതന്ത്ര്യ സമര സേനാനിയായിരുന്ന ശ്രീ.ഡി.ശ്രീധരന് പത്തനാപുരം താലൂക്കിൽ (നിലവിൽ പുനലൂർ താലൂക്ക്) ഏരൂർ വില്ലേജിൽ (നിലവിൽ ആയിരനല്ലൂർ വില്ലേജ്) സർവ്വെ 822/1/948/എ.ബി-യിൽപ്പെട്ട 40 ആർസ് പുരയിടം (കൃഷിയുക്ത വനഭൂമി) പരാമർശം (1) ഉത്തരവ് പ്രകാരം LAC 540/76/ER നമ്പരായി പട്ടയം നല്കുകയും, ഭൂമി ടി കക്ഷിക്ക് കൈമാറുകയും ചെയ്തിരുന്നു. 1970-ലെ Arable Forest Land Assignment Rules പ്രകാരമാണ് ടി ഭൂമി പതിച്ച നൽകിയിരുന്നത്.

2. പട്ടയ കക്ഷിയും കുടുംബവും 1985-86 വരെ ടി ഭൂമിക്ക് കരം ഒടുക്കിയിട്ടുണ്ട്. എന്നാൽ ടി ഭൂമി ഉപയോഗപ്പെടുത്താഞ്ഞതിനാൽ സമീപത്തുള്ള ഭൂരഹിതരും കർഷകത്തൊഴിലാളികളും ഉൾപ്പെടെയുള്ള അന്യകക്ഷികൾ 1977-78 കാലയളവിൽ ടി ഭൂമിയിലെ കാട് വെട്ടിത്തെളിച്ച് കൃഷി ചെയ്തും കുടിൽ കെട്ടിയും കൈവശപ്പെടുത്തുകയും, ടി കയ്യേറ്റക്കാർ പതിറ്റാണ്ടുകളായി തലമുറകൾ കൈമാറി ടി ഭൂമിയിൽ താമസിച്ചു വരികയും ചെയ്തു. ടി കയ്യേറ്റത്തിനെതിരേയും, ഭൂമി തിരികെ ലഭിക്കുന്നതിനുമായി ശ്രീ.ഡി.ശ്രീധരൻ ബഹു.ഹൈക്കോടതിയിൽ O.P 4281/86 നമ്പർ കേസ് ഫയൽ ചെയ്യുകയും, അർഹതയുടെ അടിസ്ഥാനത്തിൽ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് കൊല്ലം

ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി ബഹു. കോടതി ഉത്തരവാകുകയും ചെയ്തു.

3. ഡി.ശ്രീധരൻ മരണപ്പെട്ടതിനെത്തുടർന്ന് ടിയാന്റെ ഭാര്യയായ ശ്രീമതി. നളിനിക്കുട്ടി പ്രസ്തുത ഭൂമി പതിച്ചു കിട്ടുന്നതിനായി ബഹു.ഹൈക്കോടതിയിൽ WP(C) 21844/12 നമ്പർ കേസ് ഫയൽ ചെയ്യുകയും, പ്രസ്തുത കേസിന്റെ 17.02.2016-ലെ വിധിന്യായത്തിൽ ഡി.ശ്രീധരന് 1975-ൽ പതിച്ചു നല്കിയ ഭൂമിയിൽ നിന്നും കയ്യേറ്റക്കാരെ ഒഴിപ്പിക്കാൻ കഴിയാത്ത സാഹചര്യത്തിൽ, ടി ഭൂമിക്ക് പകരമായി അനുയോജ്യമായ ഭൂമി മറ്റെവിടെയെങ്കിലും കണ്ടെത്തി ഹർജികക്ഷി പേരിൽ പതിച്ചു നൽകാൻ ഉത്തരവായിരുന്നു. സർക്കാർ ഈ വിഷയം പരിശോധിക്കുകയും, സ്വാതന്ത്ര്യ സമര സേനാനിയായിരുന്ന പരേതനായ ഡി.ശ്രീധരന്റെയും, പരേതയായ നളിനിക്കുട്ടിയുടെയും അന്തരാവകാശികളായ 4 മക്കളിൽ ഭൂ രഹിതനായ ശ്രീ.ഗിരീഷ് കുമാർ പേരിൽ കൊല്ലം ജില്ലയിൽ, പുനലൂർ താലൂക്കിൽ, ഇടമുളയ്ക്കൽ വില്ലേജിൽ 15 സെന്റ് ഭൂമി പതിച്ചു നൽകാൻ അനുമതി നൽകികൊണ്ട് പരാമർശം (2) ഉത്തരവ് പുറപ്പെടുവിക്കുകയും, അപ്രകാരം WP(C)21844/12 നമ്പർ കേസിന്റെ 17.02.2016-ലെ വിധിന്യായം പാലിക്കുകയുമുണ്ടായി.

4. പരാമർശം (2) ഉത്തരവിനെതിരെ പരേതനായ ഡി.ശ്രീധരന്റെയും, പരേതയായ ശ്രീമതി.നളിനിക്കുട്ടിയുടെയും അനന്തരവകാശികൾ ബഹു.ഹൈക്കോടതി മുൻപാകെ WP(C) 5108/2021 നമ്പർ കേസ് ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത കേസിന്റെ 23.05.2023-ലെ വിധിന്യായത്തിൽ പരാമർശം (2) ഉത്തരവ് റദ്ദ് ചെയ്യുകയും, പരേതരായ ഡി.ശ്രീധരന്റെയും നളിനിക്കുട്ടിയുടെയും അനന്തരവകാശികൾക്ക് പകരം ഭൂമി പതിച്ചു നല്കുന്നതിന് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദേശം നല്കുകയുമുണ്ടായി. പ്രസ്തുത വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഭൂമി പതിച്ച് കിട്ടുന്നതിന് പ്രസ്തുത കേസിലെ രണ്ടാം കക്ഷിയായ ശ്രീ. ബൈജുകുമാർ 31.05.2023 തീയതിയിൽ സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

5. WP(C) 5108/2021 നമ്പർ കേസിലെ 23.05.2023-ലെ വിധിന്യായം സർക്കാർ പരിശോധിച്ചു വരവേ പ്രസ്തുത കേസിലെ രണ്ടാം കക്ഷിയായ ശ്രീ.ബൈജുകുമാർ 16.08.2023 തീയതിയായി സർക്കാരിൽ മറ്റൊരു അപേക്ഷ കൂടി സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിട്ട് ഹർജിയിലെ ഒന്നാം കക്ഷിയായ രാജേന്ദ്രകുമാർ മരണപ്പെട്ടുവെന്നും, ടിയാന്റെ അനന്തരാവകാശികളായ ശ്രീമതി.വസന്തകുമാരി, ശ്രീമതി.പാർവതി, ശ്രീമതി.അശ്വതി എന്നിവരെ WP(C) 5108/2021 നമ്പർ കേസിലെ കക്ഷികളായി ചേർത്തിട്ടുണ്ടെന്നും, ആയതിനെ തുടർന്ന് 25.07.2023 തീയതിയിൽ പ്രസ്തുത കേസിൽ വീണ്ടും വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ടെന്നും പ്രസ്തുത അപേക്ഷയിൽ അറിയിച്ചിരുന്നു. WP(C) 5108/2021 നമ്പർ കേസിലെ 23.05.2023-ലെ വിധിന്യായത്തിൽ പരാമർശിച്ചിരിക്കുന്ന നിർദേശങ്ങൾ തന്നെയാണ് 25.07.2023-ൽ പുറപ്പെടുവിച്ച വിധിന്യായത്തിലും ബഹു.ഹൈക്കോടതി ആവർത്തിച്ചിരുന്നത്.

6. 1970-ലെ Arable Forest Land Assignment Rules പ്രകാരമാണ് ഡി. ശ്രീധരന് പരാമർശം (1) ഉത്തരവിലൂടെ 1 ഏക്കർ ഭൂമി പതിച്ച് നല്കിയിരുന്നത് എന്നതിനാൽ പ്രസ്തുത ചട്ടപ്രകാരം പതിച്ചു നല്കാൻ കഴിയുന്ന 1 ഏക്കർ ഭൂമി കൊല്ലം ജില്ലയിൽ ലഭ്യമാണോയെന്ന് ജില്ലാ കളക്ടർ മുഖേന പരിശോധിച്ചിരുന്നു. എന്നാൽ അത്തരത്തിലുള്ള ഭൂമി കൊല്ലം ജില്ലയിൽ ലഭ്യമല്ലെന്നും, കൊല്ലം പുനലൂർ താലൂക്കിലെ ഇടമുളയ്ക്കൽ വില്ലേജിലെ ബ്ലോക്ക് നം.28, റീസർവ്വെ നം. 242/1-ൽ 1.20 ഹെക്ടർ സർക്കാർ തരിശ്ശിൽ നിന്നും 1 ഏക്കർ ഭൂമി 1964-ലെ ഭൂപതിവ് ചട്ടങ്ങൾ പ്രകാരം ഡി.ശ്രീധരന്റെ അനന്തരാവകാശികൾക്ക് പതിച്ചു നൽകാൻ കഴിയുന്നതാണെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. പ്രസ്തുത ഭൂമി ഡി.ശ്രീധരന്റെ അനന്തരാവകാശികൾക്ക് പതിച്ചു നൽകാവുന്നതാണെന്ന് ലാൻഡ് റവന്യൂ കമ്മീഷണറും ശിപാർശ ചെയ്തിട്ടുണ്ട്.

7. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്വാതന്ത്ര്യ സമര സേനാനിയായ ഡി.ശ്രീധരന്റെ പേർക്ക് പരാമർശം (1) ഉത്തരവ് പ്രകാരം പതിച്ച് നല്കിയ ഭൂമിക്ക് പകരമായി ടിയാന്റെ അനന്തരാവകാശികളായ എല്ലാവരുടെയും പേർക്ക് അനുയോജ്യമായ ഭൂമി പതിച്ചു നൽകേണ്ടതാണെന്നും, അപ്രകാരം ഭൂമി പതിച്ചു നൽകുമ്പോൾ കേരള ഭൂമി പതിവ് ചട്ടങ്ങൾക്ക് കീഴിലുള്ള ഭൂരഹിതരെ സംബന്ധിച്ചുള്ള നിയന്ത്രണങ്ങൾ ഈ കേസിൽ ബാധകമാക്കാൻ സാധിക്കുകയില്ലായെന്നുമുള്ള ബഹു.ഹൈക്കോടതിയുടെ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിലും, പ്രസ്തുത ഭൂമി പരേതനായ ഡി.ശ്രീധരന്റെ അനന്തരാവകാശികൾക്ക് പതിച്ചു നൽകാവുന്നതാണെന്ന കൊല്ലം ജില്ലാ കളക്ടറുടെയും, ലാൻഡ് റവന്യൂ കമ്മീഷണറുടെയും ശിപാർശയുടെ അടിസ്ഥാനത്തിലും കൊല്ലം ജില്ലയിൽ പുനലൂർ താലൂക്കിൽ ഇടമുളയ്ക്കൽ വില്ലേജിലെ ബ്ലോക്ക് നം.28, റിസർവ്വെ നം. 242/1-ൽപ്പെട്ട 1.20 ഹെക്ടർ സർക്കാർ തരിശ്ശിൽ നിന്നും 1 ഏക്കർ ഭൂമി പരേതനായ ഡി.ശ്രീധരന്റെയും, പരേതയായ നളിനിക്കുട്ടിയുടെയും അനന്തരാവകാശികളുടെ പേരിൽ പതിച്ച് നൽകുന്നതിന് 1964-ലെ കേരള ഭൂ പതിവ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള പ്രത്യേക അധികാരം ഉപയോഗിച്ച് അനുമതി നല്കി ഉത്തരവാകുന്നു.

8. ഇപ്രകാരം ബഹു.ഹൈക്കോടതിയുടെ പരാമർശം (4)-ലെ വിധിന്യായം നടപ്പിൽ വരുത്തുന്നു. കൊല്ലം ജില്ലാ കളക്ടർ ഇത് സംബന്ധിച്ച നിയമാനുസൃത തുടർ നടപടികൾ സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കൊല്ലം.
തഹസിൽദാർ, പുനലൂർ.
WP(C) 5108/2021 നമ്പർ കേസിലെ എല്ലാ ഹർജി കക്ഷികൾക്കും (കൊല്ലം ജില്ലാ കളക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), തിരുവനന്തപുരം.
നിയമ വകുപ്പ് (04.09.2023-ലെ ST-I(2)/128/2023/Law പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ് (27.11.2024-തീയതിയിലെ ഇനം നം: 2533 പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
ഓഫീസ് കോപ്പി / സ്റ്റോക്ക് ഫയൽ (E1793807)

ഉത്തരവിൻ പ്രകാരം

Signed by
Kumari Sindhu S
Date: 02-12-2024 12:28:28
സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്.
റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്.
റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്.

രഹസ്യം

## കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 27-11-2024**

ഫയൽ നം. എം1/141/2021/റവ. ഇനം നം: 2533

വിഷയം : റവന്യൂ വകുപ്പ് - കൊല്ലം ഇടമുളയ്ക്കൽ വില്ലേജിലെ ബ്ലോക്ക് നം.28, റീസർവ്വെ നം.242/1-ൽപ്പെട്ട 1.20 ഹെക്ടർ സർക്കാർ തരിശ്ശിൽ നിന്നും 1 ഏക്കർ ഭൂമി, സ്വാതന്ത്ര്യ സമര സേനാനിയായിരുന്ന പരേതനായ ഡി.ശ്രീധരന്റെയും പരേതയായ നളിനിക്കുട്ടിയുടെയും അനന്തരാവകാശികളുടെ പേരിൽ പതിച്ചു നൽകുന്നതിന് അനുമതി - സംബന്ധിച്ച്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

Saradah

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

SO(I), put up draft GO
28/11

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

Received 4:03 PM

**കേരള സർക്കാർ**

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | എം1/141/2021/റവ. |
| 2. | വകുപ്പ് | റവന്യൂ (എം) വകുപ്പ് |
| 3. | വിഷയം | കൊല്ലം ഇടമുളയ്ക്കൽ വില്ലേജിലെ ബ്ലോക്ക് നം.28, റിസർവ്വെ നം. 242/1-ൽപ്പെട്ട 1.20 ഹെക്ടർ സർക്കാർ തരിശ്ശിൽ നിന്നും 1 ഏക്കർ ഭൂമി, സ്വാതന്ത്ര്യ സമര സേനാനിയായിരുന്ന, പരേതനായ ഡി.ശ്രീധരന്റെയും പരേതയായ നളിനിക്കുട്ടിയുടെയും അനന്തരാവകാശികളുടെ പേരിൽ പതിച്ചു നൽകുന്നതിന് അനുമതി - സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 20.07.2024 |
| 5. | i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ?<br>ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്.<br>നിയമവകുപ്പിന്റെ റിമാർക്സ് കുറിപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ.ഗോപകുമാർ ആർ.എൽ. |
| 8. | കുറിപ്പ് സമർപ്പിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീമതി. ടിങ്കു ബിസ്വാൾ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 10.10.2024 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി.ശാരദ മുരളീധരൻ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 19.11.2024 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ.രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 22.11.2024 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 26.11.2024 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1) 03.07.2020-ലെ G.O.(Ms).No.182/2020/RD പ്രകാരം, സ്വാതന്ത്ര്യ സമര സേനാനിയായിരുന്ന, പരേതനായ ശ്രീധരന്റെയും പരേതയായ നളിനിക്കുട്ടിയുടെയും അനന്തരാവകാശികളായ 4 മക്കളിൽ, ഭൂരഹിതനായ ശ്രീ.ഗിരീഷ് കുമാർ പേരിൽ, കൊല്ലം ജില്ലയിൽ, പുനലൂർ താലൂക്കിൽ, ഇടമുളയ്ക്കൽ വില്ലേജിൽ 15 സെന്റ് ഭൂമി പതിച്ചു നൽകാൻ അനുമതി നൽകിയിരുന്നു. ബഹു.കേരള ഹൈക്കോടതി പ്രസ്തുത സർക്കാർ ഉത്തരവ് റദ്ദു ചെയ്ത സാഹചര്യത്തിൽ ഇടമുളയ്ക്കൽ വില്ലേജിലെ ബ്ലോക്ക് നം.28, റീസർവ്വെ നം. 242/1-ൽപ്പെട്ട 1.20 ഹെക്ടർ സർക്കാർ തരിശ്ശിൽ നിന്നും 1 ഏക്കർ ഭൂമി പരേതനായ ശ്രീധരന്റെയും, പരേതയായ നളിനിക്കുട്ടിയുടെയും അനന്തരാവകാശികളുടെ പേരിൽ പതിച്ചു നൽകുന്നതിന് അനുമതി നൽകുന്നതും അപ്രകാരം WP(C) 5108/2021 നമ്പർ കേസിന്മേലുള്ള 25.07.2023-ലെ വിധിന്യായം നടപ്പിലാക്കുന്നതും സംബന്ധിച്ചാണ് ഈ കുറിപ്പ്.

2) സ്വാതന്ത്ര്യ സമര സേനാനിയായിരുന്ന ശ്രീ.ശ്രീധരന് പത്തനാപുരം താലൂക്കിൽ (നിലവിൽ പുനലൂർ താലൂക്ക്) ഏരൂർ വില്ലേജിൽ (നിലവിൽ ആയിരനല്ലൂർ വില്ലേജ്) സർവ്വെ 822/1/948/എ.ബി-യിൽപ്പെട്ട (ജില്ലാ കളക്ടറുടെ 05.12.2014-ലെ എൽ 1-27961/10 റിപ്പോർട്ട് പ്രകാരം, ബന്ധപ്പെട്ട ഫയലിലെ നോട്ടുകളിൽ സർവേ നമ്പർ 822/948/എ.ബി എന്നാണ് രേഖപ്പെടുത്തി വന്നിരുന്നത്. എന്നാൽ വില്ലേജ് ഓഫീസറുടെ മഹസർ, കരമടച്ച രസീത് എന്നിവയിൽ നിന്നും സർവേ നമ്പർ 822/1/948/എ.ബി ആണ് ശരിയെന്ന് കാണുന്നു.) 40 ആർസ് പുരയിടം (കൃഷിയുക്ത വനഭൂമി), 18.11.1975-ലെ G.O(Rt) 1437/75/RD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം LAC 540/76/ER നമ്പരായി പട്ടയം നല്കുകയും 10.4.1977-ൽ ഭൂമി ടി കക്ഷിക്ക് കൈമാറുകയും ചെയ്തിരുന്നു. 1970-ലെ Arable Forest Land Assignment Rules-പ്രകാരമാണ് ടി ഭൂമി പതിച്ചു നൽകിയിരുന്നത്.

3) പട്ടയ കക്ഷിയും കുടുംബവും 1985-86 വരെ ടി ഭൂമിക്ക് കരം ഒടുക്കിയിട്ടുണ്ട്. എന്നാൽ ടി ഭൂമി ഉപയോഗപ്പെടുത്താഞ്ഞതിനാൽ സമീപത്തുള്ള ഭൂരഹിതരും കർഷകത്തൊഴിലാളികളും ഉൾപ്പെടെയുള്ള അന്യകക്ഷികൾ 1977-78 കാലയളവിൽ ടി ഭൂമിയിലെ കാട് വെട്ടിത്തെളിച്ച് കൃഷി ചെയ്തും കുടിൽ കെട്ടിയും കൈവശപ്പെടുത്തുകയും, ടി കയ്യേറ്റക്കാർ പതിറ്റാണ്ടുകളായി തലമുറകൾ കൈമാറി ടി ഭൂമിയിൽ താമസിച്ചു വരികയും

ചെയ്തു. ടി കയ്യേറ്റത്തിനെതിരേയും, ഭൂമി തിരികെ ലഭിക്കുന്നതിനുമായി ശ്രീ.ശ്രീധരൻ ബഹു.ഹൈക്കോടതിയിൽ O.P 4281/86 കേസ് ഫയൽ ചെയ്യുകയും, അർഹതയുടെ അടിസ്ഥാനത്തിൽ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് കൊല്ലം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി 27.07.1988-ൽ കോടതി വിധിന്യായം പുറപ്പെടുവിക്കുകയും ചെയ്തു.

4) പ്രസ്തുത ഭൂമി പതിച്ച് കിട്ടുന്നതിനായി ശ്രീമതി.നളിനിക്കുട്ടി (W/o Late Sreedharan) ബഹു. ഹൈക്കോടതിയിൽ WP(C) 21844/12 നമ്പർ കേസ് ഫയൽ ചെയ്തു. പ്രസ്തുത കേസിന്റെ 17.02.2016-ലെ വിധിന്യായത്തിൽ, പതിച്ച് നല്കിയ ഭൂമിയിൽ നിന്നും കയ്യേറ്റക്കാരെ ഒഴിപ്പിക്കാൻ കഴിയാത്ത സാഹചര്യത്തിൽ, ടി ഭൂമിക്ക് പകരമായി അനുയോജ്യമായ ഭൂമി മറ്റെവിടെയെങ്കിലും കണ്ടെത്തി ഹർജികക്ഷി പേരിൽ പതിച്ച് നൽകാൻ ഉത്തരവായിരുന്നു.

5) സ്വാതന്ത്ര്യ സമര സേനാനിയായിരുന്ന പരേതനായ ശ്രീധരന്റെയും, പരേതയായ നളിനിക്കുട്ടിയുടെയും അനന്തരാവകാശികളായ 4 മക്കളിൽ, ഭൂ രഹിതനായ ശ്രീ.ഗിരീഷ് കുമാർ പേരിൽ, കൊല്ലം ജില്ലയിൽ, പുനലൂർ താലൂക്കിൽ, ഇടമുളയ്ക്കൽ വില്ലേജിൽ 15 സെന്റ് ഭൂമി പതിച്ച് നൽകാൻ അനുമതി നൽകികൊണ്ട് 03.07.2020-ലെ G.O.(Ms).No.182/2020/RD നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചുകൊണ്ട് WP(C)21844/12 നമ്പർ കേസിന്റെ 17.02.2016-ലെ വിധിന്യായം പാലിക്കുകയുണ്ടായി.

6) ടി ഉത്തരവിനെതിരെ ശ്രീ.രാജേന്ദ്രകുമാർ മുതൽപ്പേർ ബഹു.ഹൈക്കോടതി മുമ്പാകെ WP(C) 5108/2021 നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസിൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച 23.05.2023-ലെ വിധിന്യായത്തിൽ 03.07.2020-ലെ G.O.(Ms).No.182/2020/RD നമ്പർ ഉത്തരവ് റദ്ദ് ചെയ്തിട്ടുള്ളതും ഹർജി കക്ഷികൾക്ക് പകരം ഭൂമി പതിച്ച് നൽകികൊണ്ട് റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറി, വിധിപ്പകർപ്പ് ലഭിച്ച് 3 മാസത്തിനകം പുതിയ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ഉത്തരവായിട്ടുള്ളതുമാണ്.

വിധിന്യായത്തിന്റെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു.

"............................ In the above circumstances, the writ petition is allowed. Ext.P10 is quashed. Ext.P6 cannot also be sustained, since even according to the respondents,

the assignment in favor of late Sreedharan continues to be in force and the land had not been re-assigned to anybody else. There will be a direction to the 2nd respondent to pass fresh orders assigning suitable alternate land to the petitioners. The restrictions regarding landless persons under the Kerala Land Assignment Rules shall not be applicable in the case on hand owing to the peculiar facts and circumstances as already observed in Ext.P8 judgement. Necessary orders shall be issued within three months from the date of receipt of a certified copy of this judgement."

7) വിധിന്യായം പാലിക്കുന്നതിലേക്കായി ലാൻഡ് റവന്യൂ കമ്മീഷണറിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. പരേതനായ ശ്രീധരന്റെയും പരേതയായ നളിനിക്കുട്ടിയുടേയും അവകാശികൾക്ക് പുനലൂർ താലൂക്കിൽ ഇടമുളയ്ക്കൽ വില്ലേജിൽ ബ്ലോക്ക് നം 28-ൽ റിസർവ്വെ നം 242/1-ൽപ്പെട്ട സർക്കാർ തരിശ് ഭൂമിയിൽ നിന്നും ശ്രീ.ഗിരീഷ് കുമാറിന് നേരത്തെ പതിച്ച നൽകിയിട്ടുള്ള 15 സെന്റ് ഭൂമി കഴിച്ചുള്ള ബാക്കി 85 സെന്റ് ഭൂമി സർക്കാർ തീരുമാനത്തിനനുസൃതമായി പതിച്ച നൽകി ഉത്തരവാകുന്നതാണ് ഉചിതമെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്യുകയുണ്ടായി.

8) ഈ കേസിൽ വിജയകരമായ അപ്പീൽ സാധ്യത ഉണ്ടോ എന്ന കാര്യം പരിശോധിക്കുന്നതിനായും, അപ്പീൽ സാധ്യതയില്ലായെങ്കിൽ, ലാൻഡ് റവന്യൂ കമ്മീഷണറുടെ ശിപാർശയിന്മേലുള്ള അഭിപ്രായം അറിയിക്കുന്നതിനായും ഫയൽ നിയമ വകുപ്പിന് കൈമാറിയിരുന്നു.

<u>നിയമവകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു:</u>

"WP(C).5108/2021 നമ്പർ കേസിലെ ഒന്നാം ഹർജിക്കാരൻ മരിച്ചതിനെ തുടർന്ന് ടി കേസിൽ ടിയാന്റെ അനന്തരാവകാശികളെ 5 മുതൽ 8 വരെ കക്ഷികളാക്കി ചേർക്കുകയും ആയതിനെ തുടർന്ന് 25.07.2023 തീയതിയിൽ പ്രസ്തുത കേസിൽ വീണ്ടും വിധിന്യായം പുറപ്പെടുവിച്ചിട്ടുള്ളതുമായി ബഹു.ഹൈക്കോടതിയുടെ Case status system പരിശോധിച്ചതിൽ കാണുന്നു.

WP(C).5108/2021 നമ്പർ കേസിലെ 23.05.2023 തീയതിയിലെ വിധിയിൽ ഇപ്രകാരം നിരീക്ഷിച്ചുകൊണ്ടാണ് ബഹു.ഹൈക്കോടതി ഹർജിക്കാർക്ക് അനുകൂലമായി

വിധിയായിട്ടുള്ളത് :- " A reading of Ext.P10 would show that the respondents have proceeded to grant assignment under the Kerala Land Assignment Rules, 1964. The direction issued by this Court was for assignment of alternative lands in the place of land already assigned under the 1970 Rules. The purposes for assignment under the 1970 Rules, the maximum extent that can be assigned to a family, etc. are entirely different from the provisions of the Kerala Land Assignment Rules. The 2nd respondent was not hence justified in interpreting the directions issued by this Court as permitting the respondent to grant the assignment under the Land Assignment Rules to one of the legal heirs of the original assignee. What was intended by this Court was to make good the loss suffered by the original assignee and his legal representatives due to the encroachment and non-availability of the lands assigned. This Court did not direct eviction of the trespassers and instead found an alternate method to safe guard the rights. The direction to give alternate suitable land does not mean that what was to be assigned was only an extent equivalent to the market value of the original assigned land. Ext.P10 is not in accordance with the directions issued by this Court in Ext.P8. "

"The restrictions regarding landless persons under the Kerala Land Assignment Rules shall not be applicable in the case on hand owing to the peculiar facts and circumstances as already observed in Ext.P8 judgment." .

ഈ കേസിൽ ശ്രീ.ശ്രീധരന്റെ പേരിൽ കൊടുത്ത ആദ്യത്തെ അസൈൻമെന്റ് റദ്ദാക്കിയതായോ അത് മറ്റാർക്കെങ്കിലും പതിച്ചുകൊടുത്തതായോ സർക്കാരിന് കേസില്ല. എന്നാൽ പ്രസ്തുത ഭൂമിയിൽ നീണ്ട 30 വർഷത്തിലധികമായി താമസിക്കുന്ന കയ്യേറ്റക്കാരെ ഇപ്പോൾ ഒഴിപ്പിക്കുന്നത് സാധ്യമല്ലായെന്ന് സർക്കാർ ബഹു.കോടതി മുമ്പാകെ ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് Ext.P8 വിധിന്യായത്തിൽ ടി ഭൂമിക്ക് പകരമായി അനുയോജ്യമായ ഭൂമി മറ്റെവിടെയെങ്കിലും കണ്ടെത്തി ഹർജികക്ഷി പേരിൽ പതിച്ചു നൽകാൻ ഉത്തരവായതെന്ന് കാണുന്നു. മാത്രവുമല്ല പ്രസ്തുത വിധിക്കെതിരെ സർക്കാർ അപ്പീൽ ഫയൽ ചെയ്തിട്ടില്ലാത്തതും ആയത് അന്തിമമായിട്ടുള്ളതും ആണ്.

WP(C).5108/2021 നമ്പർ കേസിലെ വിധിന്യായത്തിലെ ബഹു.ഹൈക്കോടതിയുടെ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിലും മേൽ പ്രസ്താവിച്ചിട്ടുള്ള വസ്തുതകളുടെ അടിസ്ഥാനത്തിലും പ്രസ്തുത കേസിലെ വിധിക്കെതിരെ വിജയകരമായ അപ്പീൽ സാധ്യത കാണുന്നില്ലായെന്നും ശ്രീ.ശ്രീധരന് ഭൂമി പതിച്ചു നൽകിയത് 1970-ലെ Arable Forest Land Assignment Rules പ്രകാരമായതിനാൽ ടി ഭൂമിക്ക് പകരമായി ടിയാന്റെ അനന്തരാവകാശികൾക്ക് ഭൂമി നൽകുമ്പോഴും പ്രസ്തുത റൂൾസ് പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണെന്നും ശ്രീ.ശ്രീധരന്റെ അനന്തരാവകാശികളിൽ ഒരാളായ നാലാം ഹർജികക്ഷി പേരിൽ മാത്രം 15 സെന്റ് ഭൂമി പതിച്ചുകൊടുത്ത Ext.P10 സർക്കാർ ഉത്തരവ് ബഹു.ഹൈക്കോടതി റദ്ദാക്കിയതിനാൽ നിലവിൽ ശ്രീ.ശ്രീധരന്റെ അനന്തരാവകാശികളായ എല്ലാവരുടെയും പേർക്ക് Ext.P1 പ്രകാരം ശ്രീ.ശ്രീധരന് കൊടുത്ത ഭൂമിക്ക് പകരമായി അനുയോജ്യമായ ഭൂമി പതിച്ചു നൽകേണ്ടതാണെന്നും ബഹു.ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ അപ്രകാരം ഭൂമി പതിച്ചു നൽകുമ്പോൾ കേരള ലാൻഡ് അസൈൻമെന്റ് ചട്ടങ്ങൾക്ക് കീഴിലുള്ള ഭൂരഹിതരെ സംബന്ധിച്ചുള്ള നിയന്ത്രണങ്ങൾ ഈ കേസിൽ ബാധകമാക്കാൻ സാധിക്കുകയില്ലായെന്നും ഭരണവകുപ്പിനെ അറിയിക്കാവുന്നതാണ്"

9) WP(C) 5108/2021 നമ്പർ കേസിലെ രണ്ടാം കക്ഷിയായ ശ്രീ.ബൈജുകുമാർ 16.08.2023 തീയതിയായി സർക്കാരിൽ ഒരു അപേക്ഷ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിട്ട് ഹർജിയിലെ ഒന്നാം കക്ഷിയായ രാജേന്ദ്രകുമാർ മരണപ്പെട്ടുവെന്നും, ടിയാന്റെ അനന്തരാവകാശികളായ ശ്രീമതി.വസന്തകുമാരി, ശ്രീമതി.പാർവതി, ശ്രീമതി.അശ്വതി എന്നിവരെ WP(C) 5108/2021 നമ്പർ കേസിലെ, യഥാക്രമം P5 to P7 കക്ഷികളായി ചേർത്തിട്ടുണ്ടെന്നും, ആയതിനെ തുടർന്ന് 25.07.2023 തീയതിയിൽ പ്രസ്തുത കേസിൽ വീണ്ടും വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ടെന്നും ടിയാൻ അറിയിച്ചിരുന്നു. WP(C) 5108/2021 നമ്പർ കേസിലെ 23.05.2023-ലെ വിധിന്യായത്തിൽ പരാമർശിച്ചിരിക്കുന്ന നിർദേശങ്ങൾ തന്നെയാണ്, 25.07.2023-ൽ പുറപ്പെടുവിച്ച വിധിന്യായത്തിലും പരാമർശിച്ചിരിക്കുന്നത്.

10) സ്വാതന്ത്ര്യ സമര സേനാനിയായിരുന്ന ശ്രീധരന്റെ അനന്തരാവകാശികളിൽ ഒരാൾക്ക്, 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം 15 സെന്റ് ഭൂമി പതിച്ച് നൽകികൊണ്ട് മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച

03.07.2020-ലെ G.O (Ms).No.182/2020/RD സർക്കാർ ഉത്തരവ് ബഹു. ഹൈക്കോടതി റദ്ദ് ചെയ്തിട്ടുണ്ട്.

11) സ്വാതന്ത്ര്യ സമര സേനാനിയായ ശ്രീ.ശ്രീധരന്റെ അനന്തരാവകാശികൾക്ക് 1970-ലെ Arable Forest Land Assignment Rules പ്രകാരം ഭൂമി പതിച്ച നല്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കുവാൻ കൊല്ലം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ടി Rules പ്രകാരം പതിച്ച നല്കാൻ കഴിയുന്ന 1 ഏക്കർ ഭൂമി കൊല്ലം ജില്ലയിൽ ലഭ്യമല്ലെന്ന് ജില്ലാ കളക്ടർ അറിയിച്ചിരുന്നു. പുനലൂർ താലൂക്കിലെ ഇടമുളയ്ക്കൽ വില്ലേജിലെ ബ്ലോക്ക് നം.28, റീസർവ്വെ നം. 242/1 ൽ 1.20 ഹെക്ടർ സർക്കാർ തരിശ്ശിൽ നിന്നും 1 ഏക്കർ ഭൂമി 1964-ലെ ഭൂപതിവ് ചട്ടങ്ങൾ പ്രകാരം ശ്രീ.ശ്രീധരന്റെ അനന്തരാവകാശികൾക്ക് പതിച്ച നൽകാൻ കഴിയുന്നതാണെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന് സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, ലാൻഡ് റവന്യൂ കമ്മീഷണർ പതിവ് പ്രപ്പോസൽ ലഭ്യമാക്കിയിട്ടുണ്ട്. ഇടമുളയ്ക്കൽ വില്ലേജിലെ ബ്ലോക്ക് നം.28, റിസർവ്വെ നം. 242/1ൽപ്പെട്ട 1.20 ഹെക്ടർ സർക്കാർ തരിശ്ശിൽ നിന്നും, അതിദരിദ്ര വിഭാഗത്തിൽപ്പെട്ട 20 പേർക്ക് 3 സെന്റ് ഭൂമി വീതം അനുവദിച്ചിട്ടുണ്ടെന്നും, റീ-സർവേ 242/1നെ സബ് ഡിവിഷൻ ചെയ്തിട്ടുണ്ടെന്നും, ശേഷിക്കുന്ന ഭൂമിയിൽ നിന്നും ഹർജി കക്ഷികളിലൊരാളായ ശ്രീ.ഗിരീഷ് കുമാറിന് പട്ടയം നൽകിയിരുന്ന 15 സെന്റ് ഭൂമി ഉൾപ്പടെ 1 ഏക്കർ ഭൂമി പരേതനായ ശ്രീധരന്റെ അവകാശികളുടെ പേരിൽ പതിച്ച നല്കാവുന്നതാണെന്നും ജില്ലാ കളക്ടറുടെ റിപ്പോർട്ട് സഹിതം ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

12) പരേതനായ ശ്രീ.ശ്രീധരന്റെ അനന്തരാവകാശികൾ ജില്ലയിൽ കൊല്ലം താലൂക്ക് പരിധിയിലാണ് താമസിച്ചുവരുന്നതെന്നും, ടി കക്ഷികൾ ഹാജരാക്കിയ അനന്തരാവകാശ സർട്ടിഫിക്കറ്റ് പ്രകാരം ശ്രീ.രാജേന്ദ്രകുമാർ, ശ്രീ.ബൈജുകുമാർ, ശ്രീ.സുരേഷ് കുമാർ, ശ്രീ.ഗിരീഷ് കുമാർ എന്നീ നാല് അവകാശികൾ ഉണ്ടെന്നും, ഇതിൽ ശ്രീ.രാജേന്ദ്രകുമാർ മരണപ്പെട്ടിട്ടുള്ളതും, ടിയാന് വസന്തകുമാരി, പാർവതി, അശ്വതി എന്നീ മൂന്ന് അവകാശികൾ ഉണ്ടെന്നും റിപ്പോർട്ടിലുണ്ട്.

13) സ്വാതന്ത്ര്യ സമര സേനാനിയായിരുന്ന പരേതനായ ശ്രീധരന്റെയും, ടിയാന്റെ ഭാര്യ പരേതയായ നളിനിക്കുട്ടിയുടെയും അന്തരാവകാശികളായ 4 മക്കളിൽ, ഭൂ രഹിതനായ ശ്രീ.ഗിരീഷ് കുമാർ പേരിൽ, കൊല്ലം ജില്ലയിൽ, പുനലൂർ താലൂക്കിൽ,

ഇടമുളയ്ക്കൽ വില്ലേജിൽ 15 സെന്റ് ഭൂമി പതിച്ച നൽകാൻ അനുമതി നൽകികൊണ്ട് 03.07.2020-ലെ G.O.(Ms).No.182/2020/RD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചത് മന്ത്രിസഭാ യോഗത്തിന്റെ അനുമതിയോടെയാണ്.

14) മേൽ സാഹചര്യത്തിൽ, ബഹു.ഹൈക്കോടതിയുടെ WP(C) 5108/2021 നമ്പർ കേസിന്മേലുള്ള 25.7.2023-ലെ വിധിന്യായം പാലിക്കുന്നതിലേക്കായി, 03.07.2020-ലെ G.O.(Ms).No.182/2020/RD ഉത്തരവ് പ്രകാരം അനുവദിച്ച 15 സെന്റ് ഭൂമിക്ക് പകരമായി, കൊല്ലം പുനലൂർ താലൂക്കിൽ ഇടമുളയ്ക്കൽ വില്ലേജിലെ ബ്ലോക്ക് നം.28, റിസർവ്വെ നം. 242/1-ൽപ്പെട്ട 1.20 ഹെക്ടർ സർക്കാർ തരിശ്ശിൽ നിന്നും 1 ഏക്കർ ഭൂമി പരേതനായ ശ്രീധരന്റെയും, പരേതയായ നളിനിക്കുട്ടിയുടെയും അനന്തരാവകാശികളുടെ പേരിൽ പതിച്ച നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്ന വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള അനുമതിയ്ക്കായി ഫയൽ ബഹു.മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തിരുന്നു.

15) വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുള്ളതാണ്.

## തീരുമാനിക്കേണ്ട വിഷയം

03.07.2020-ലെ G.O.(Ms).No.182/2020/RD പ്രകാരം, സ്വാതന്ത്ര്യ സമര സേനാനിയായിരുന്ന, പരേതനായ ശ്രീധരന്റെയും പരേതയായ നളിനിക്കുട്ടിയുടെയും അനന്തരാവകാശികളായ 4 മക്കളിൽ, ഭൂ രഹിതനായ ശ്രീ.ഗിരീഷ് കുമാർ പേരിൽ, കൊല്ലം ജില്ലയിൽ, പുനലൂർ താലൂക്കിൽ, ഇടമുളയ്ക്കൽ വില്ലേജിൽ 15 സെന്റ് ഭൂമി പതിച്ച നൽകാൻ അനുമതി നൽകിയിരുന്ന സർക്കാർ ഉത്തരവ് ബഹു.ഹൈക്കോടതി റദ്ദ ചെയ്ത സാഹചര്യത്തിൽ ഇടമുളയ്ക്കൽ വില്ലേജിലെ ബ്ലോക്ക് നം.28, റിസർവ്വെ നം. 242/1-ൽപ്പെട്ട 1.20 ഹെക്ടർ സർക്കാർ തരിശ്ശിൽ നിന്നും 1 ഏക്കർ ഭൂമി പരേതനായ ശ്രീധരന്റെയും, പരേതയായ നളിനിക്കുട്ടിയുടെയും അന്തരാവകാശികളുടെ പേരിൽ, 1964-ലെ കേരള ഭൂ

പതിവ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള പ്രത്യേക അധികാരം ഉപയോഗിച്ച് പതിച്ചു നൽകുന്നതിന് അനുമതി നൽകിക്കൊണ്ട് WP(C) 5108/2021 നമ്പർ കേസിന്മേലുള്ള 25.07.2023-ലെ വിധിന്യായം നടപ്പിലാക്കാമോ?